# പരി. ത്രിത്വത്തിനു മഹത്വം

## മാസധ്യാനം: സെപ്തംബർ 2013

***വിഷയം:*** **കാലാനുസൃതമായ നവീകരണം സന്യാസജീവിതത്തിൽ**

- പരിശുദ്ധാത്മാവ് തങ്ങളുടെ ഹൃദയങ്ങളിൽ ചൊരിയുന്ന സ്നേഹത്താൽ പ്രചോദിതരായി (റോമ 5:5) ക്രിസ്തുവിനും അവിടുത്തെ ശരീരമാകുന്ന തിരുസഭയ്ക്കുംവേണ്ടി (കൊളോ. 1:24) സമർപ്പിതർ ജീവിക്കുന്നു.

***പ്രത്യേക അനുസ്മരണകൾ:***

- പരി. കന്യകാമറിയത്തിന്റെ ജനനം (സെപ്തം 8)
- വി. മത്തായിശ്ലീഹായുടെ തിരുനാൾ (സെപ്തം 21)
- ധന്യൻ കദളിക്കാട്ടിലച്ചന്റെ നാമഹേതുകദിനം (സെപ്തം 21)
- എസ്.എച്ചിന്റെ ആദ്യമാതാക്കളുടെ വ്രതവാഗ്ദാനദിനം

**വായനകൾ**

- വ്യക്തിപരമായ വായന: സ്ഥാപനപദ്ധതി, പേജ് 27-38
- ദൈവാവിഷ്ക്കരണം (DV) 8-10
- സന്യാസജീവിതം (PC) 1-10
- സമർപ്പിതജീവിതം (VC) 68,109-110; 69,70

**സന്യാസദർശനവും നവീകരണവും**

സഭയുടെ പ്രബോധനാധികാരം ആവശ്യപ്പെട്ട മൗലികമായ ഒരു കാര്യമാണ് സന്യാസിനികളുടെ കാലാനുസൃതമായ നവീകരണം. 1. സുവിശേഷത്തിലെ ക്രിസ്തുവിനെ അനുഗമിക്കുന്നതിന് ഊന്നൽ



നല്കി, സുവിശേഷ മൂല്യങ്ങൾക്ക് പ്രാധാന്യം നല്കി, സന്യാസജീവിതം നവീകരിക്കപ്പെടണം. 2. സ്ഥാപക ചൈതന്യത്തിന് ദൃശ്യമായ ആവിഷ്ക്കാരം നല്കി സന്യാസം നവീകരിക്കപ്പെടണം. 3. അംഗങ്ങളുടെ പരിശീലനം 4. പ്രേഷിതതീക്ഷ്ണത, സമന്വയം എന്നിവയുടെ നവീകരണം. 5. സർവ്വോപരി, ആദ്ധ്യാത്മിക ജീവിതത്തോടുള്ള നവീകൃതമായ പ്രതിജ്ഞാബദ്ധത.

**ആത്മശോധന:**

1. എന്റെ നാഥനും ഗുരുവും ആത്മീയമണവാളനുമായ ക്രിസ്തുനാഥനോടും അവിടുത്തെ സുവിശേഷമൂല്യങ്ങളോടുമുള്ള എന്റെ വിശ്വസ്തത എത്ര ആഴപ്പെട്ടതാണ്? സുവിശേഷമൂല്യങ്ങൾ ഉദാ: ലാളിത്യം, എളിമ, സത്യസന്ധത, നീതിബോധം, വിശ്വസ്തത, ആനന്ദം (സന്തോഷം) etc. എന്റെ ജീവിതത്തിൽ എപ്രകാരം വളർത്തിയിട്ടുണ്ട്?
2. ഈശോയെയും ഈശോയുടെ വ്യക്തിത്വ സവിശേഷതകളും എന്റെ സംസാരം, പെരുമാറ്റം, ചെയ്തികൾ, പ്രേഷിതവേല etc വഴി ഞാൻ എത്രപേർക്ക് ഓരോ ദിവസവും അനുഭവവേദ്യമാക്കുന്നുണ്ട്?
3. സന്യാസസമർപ്പിതജീവിതമൂല്യങ്ങളോടും സ്വന്തം സന്യാസിനീ സമൂഹത്തിന്റെ സിദ്ധിയോടുമുള്ള എന്റെ വിശ്വസ്തത ക്രിയാത്മകമായിട്ടുള്ളതാണോ? സന്യാസ ജീവിതശൈലിയോടുള്ള എന്റെ മതിപ്പ് എപ്രകാരമുള്ളതാണ്?
4. സുവിശേഷകനായ വി. മത്തായി ശ്ലീഹായുടെ ജീവചരിത്രം എന്നെ സ്വാധീനിച്ചിട്ടുണ്ടോ? ചുങ്കം പിരിക്കുന്ന തൊഴിൽ ഉണ്ടായിരുന്ന മത്തായിശ്ലീഹാ, ആ തൊഴിൽ ഉപേക്ഷിച്ച് സുവിശേഷമൂല്യങ്ങൾ നല്കുന്ന ശിഷ്യനായി മാറി. വിലപ്പെട്ടതെന്ന് ഞാൻ കരുതുന്ന എന്തെങ്കിലും ഉപേക്ഷിക്കാനും മൂല്യങ്ങൾക്കു വേണ്ടി നിലകൊള്ളാനും എനിക്ക് കഴിയുന്നുണ്ടോ? യുവജനങ്ങളെ മൂല്യാധിഷ്ഠിത ജീവിതത്തിന് ഞാൻ പ്രേരിപ്പിക്കാറുണ്ടോ?
5 പരി. അമ്മയുടെ ജനനതിരുനാൾ നമ്മെ അനുസ്മരിപ്പിക്കുന്നു: "ജീവിതത്തിൽ വിജയം കൈവരിക്കണമെങ്കിൽ നാം മറ്റുള്ളവർക്കുവേണ്ടി ജനിച്ചവരാണെന്നുള്ള ബോധ്യം" നമുക്കുണ്ടായിരിക്കണം.

## പ്രാർത്ഥന

ഫ്രാൻസീസ് ഒന്നാമൻ മാർപ്പാപ്പയെപ്പോലെ, പാവങ്ങളോടൊപ്പം ലളിതജീവിതം നയിക്കാനുള്ള വിനയവും മനക്കരുത്തും കാരുണ്യവാനായ ദൈവമേ, എനിക്ക് നല്കണമേ. സഭയുടെ നവീകരണത്തിനുവേണ്ടിയുള്ള പ്രതിബദ്ധത, എന്റെ ജീവിതനവീകരണത്തിലൂടെ സംജാതമാക്കുവാൻ കർത്താവേ, എന്നെ ഉപകരണമാക്കണമേ. ആമ്മേൻ.